


അദ്ധ്യായം 9

# മാലിന്യ സംസ്കരണം

## തൃത്താല മണ്ഡലത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പൊതു വിവരം

ത്രിത്താല മണ്ഡലത്തിന്റെ വികസന വുമായി ബന്ധപ്പെട്ട നടത്തുന്ന പ്രവർ ത്തനങ്ങളിൽ മാലിന്യ സംസ്കരണത്തിന് വളരെ വലിയ പങ്കുണ്ട് മണ്ഡലത്തിൽ ഉൾപ്പെട്ട 8 ഗ്രാമപഞ്ചായത്തുകളിലും വീട്ടു കളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുവാൻ ഹരിത കർമ സേനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വാതിൽപ്പടി ശേഖരണവും യൂസർ ഫീ ശേഖരണവും 100 ശതമാനമാക്കുവാൻ കഴി ഞ്ഞിട്ടില്ല. യൂസർ ഫീ ശേഖരണം മെച്ച പ്പെടുത്തിയാൽ മാത്രമേ ഹരിതകർമ സേന അംഗങ്ങൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പു വരുത്തുവാൻ കഴിയുകയുള്ളൂ. ഇവരു ടെ ശാശ്വതമായ നിലനിൽപ്പിനും മാലിന്യ ശേഖരണ നിർമ്മാർജ്ജന പ്രവർത്തികൾ സുഗമ മാക്കുവാനും ഇത് അത്യാവശ്യ മാണ്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹരിത കർമ സേനയ്ക്കു വാഹനം ഉറപ്പാ ക്കേണ്ടതുണ്ട് – എസ്.ബി.എം (ഗ്രാമീൺ) ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങാം.

നിലവിൽ മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും MCF സ്ഥാപിച്ചിട്ടുണ്ട്. ആനക്കര ത്രിത്താല പഞ്ചായത്തുകളി ലാണ് താത്കാലിക MCF ഉള്ളത്, ഇവയിൽ ത്രിത്താല സ്വന്തമായ MCF ന്റെ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. കൾ സ്ഥാപിക്കേണ്ടതുണ്ട്.



## ഉപസമിതി അംഗങ്ങൾ

- ജില്ലാ ശുചിത്വ മിഷൻ,
- മലിനീകരണ നിയന്ത്രണ ബോർഡ് (KSPCB)
- സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM)
- എൽ.എസ്.ജി.ഡി.(ജില്ലാ പഞ്ചായത്ത്)
- ഐ.ആർ.ടി.സി.
- പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ
- ഹരിത കേരളം മിഷൻ

**ജില്ലാ ശുചിത്വ മിഷൻ**
**പാലക്കാട്**

മാലിന്യമുക്ത കേരളം

स्वच्छ भारत
एक कदम स्वच्छता की ओर

നിലവിൽ തിരുമിറ്റക്കോട് മാത്രമാണ് എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. കൾ ഉള്ളത്. (എസ്.ബി.എം (ഗ്രാമീൺ, തൊഴിലുറപ്പ് പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് മിനി എം.സി.എഫ്.കൾ നിർമ്മിക്കാം)

വഴിയിട വിശ്രമ കേന്ദ്രം പഞ്ചായത്തുകളിൽ രണ്ടെണ്ണം എന്ന ടാർജെറ്റ് പ്രകാരം മണ്ഡല ത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും പദ്ധതി വെച്ചിട്ടു ണ്ടെങ്കിലും പരുതൂർ, കപ്പൂർ പഞ്ചായത്തു കളിൽ ഒരെണ്ണം വീതം മാത്രമേ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുള്ളൂ. ഒരെണ്ണം സ്ഥല ലഭ്യതയുടെ പ്രശനം കാരണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ത്രിത്താല, നാഗലശ്ശേരി പഞ്ചാ യത്തുകൾ രണ്ടും പൂർത്തീകരിച്ചു ഉപയോഗിക്കു വാൻ തുടങ്ങിയിട്ടുണ്ട്. (എസ്.ബി.എം (ഗ്രാമീൺ), ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിക്കാം)

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ പല ഘട്ടങ്ങളായി നൽകിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം ഊർജ്ജിതമാക്കു ന്നതിനായി എല്ലാ വീടുകളിലും സോക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ തൊഴിലുറപ്പ് പദ്ധതി മുഖേന നൽകാവുന്നതാണ്. നിലവിൽ മണ്ഡലത്തിൽ കമ്മ്യൂണിറ്റി തല ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കുറവാണ്. ഇവ എസ്.ബി.എം (ഗ്രാമീൺ) + ധന കാര്യ കമ്മീഷൻ ഗ്രാൻറ് ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്. പൊതു സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, കല്യാണ മണ്ഡപങ്ങൾ, കോളനികൾ എന്നിവ യിൽ കമ്മ്യൂണിറ്റി കമ്പോസ്റ്റ്, സോക്കേജ് പിറ്റ് സംവിധാനങ്ങൾ എസ്.ബി.എം (ഗ്രാമീൺ) + ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്.

### കളക്ടേർസ് @ സ്കൂൾ

സ്കൂൾ വിദ്യാർഥികളിൽ മാലിന്യം വേർതിരിക്കേണ്ട ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കളക്ടേഴ്സ് @ സ്കൂൾ പദ്ധതി തൃത്താല നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ആരംഭിക്കേണ്ടതുണ്ട്. എൽ. പി/യു.പി സ്കൂളുകൾക്ക് ഒരു ബിന്നിന് 20400 എന്ന നിരക്കിൽ 4 ബിന്നുകളാണ് സ്ഥാപിക്കേണ്ടത്.

ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 28400 എന്ന നിരക്കിൽ 4 ബിന്നുകളാണ് സ്ഥാപിക്കേണ്ടത്.

പ്ലാൻഫണ്ട്, തനത് ഫണ്ട്, സി.എഫ്.സി ഗ്രാൻറ്, സ്പോൺസർഷിപ്പ് മുതലായവ ഉപയോഗിച്ച് പദ്ധതി വയ്ക്കാം. ആനക്കര ഗ്രാമ പഞ്ചായത്തിൽ പ്രോജക്റ്റ് വച്ചിട്ടുണ്ട്. ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിൽ 3 ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്

### ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- പൊതുസ്ഥലങ്ങളിൽ മാലിന്യം കത്തിക്കുക, അലക്ഷ്യമായി വലിച്ചെറിയുക, ജലാശയ ങ്ങൾ മലിനമാക്കുക എന്നീ പ്രവൃത്തികൾ ചെയ്യുന്ന വർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുക.
- പുതിയ കെട്ടിട നമ്പർ അനുവദിക്കുന്ന സമയത്തും ലൈസൻസ് പുതുക്കുന്ന സമയ ത്തും കെട്ടിട നികുതി ഒടുക്കുന്ന സമയത്തും ടി വീടുകൾ/സ്ഥാപനങ്ങളിൽ :

a) ജൈവമാലിന്യ സംസ്കരണ സംവിധാനം.
b) ശൌചാലയം
c) സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്
d) ഹരിതകർമ്മസേന നൽകിയ രസീത്

എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

### മലിനീകരണ നിയന്ത്രണ ബോർഡിൻറെ ഉത്തരവാദിത്തത്തിൽ :

നിയോജക മണ്ഡലത്തിലുള്ള വ്യവസായ വ്യവസയേതര സ്ഥാപനങ്ങളുടെ പ്രവർത്തനം പരിസ്ഥിതി നിയമങ്ങൾ പാലിച്ചാണെന്നു ഉറപ്പു വരുത്തും.

- ഇവയിൽ ജലമലിനീകരണ ക്ഷമതയുള്ള ആശുപത്രികൾ, മറ്റു ആരോഗ്യ സ്ഥാപന ങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഓഡി റ്റോറിയങ്ങൾ, വ്യവസായ സ്ഥാപന ങ്ങൾ എന്നിവയും വായുമലിനീകരണ ക്ഷമത യുള്ള ക്വാറികൾ, ക്രഷറുകൾ, ചില വ്യവസായങ്ങൾ എന്നിവ യെയും നിരീക്ഷിക്കും.
- ഭാരതപ്പുഴയിലെ വെള്ളിയാങ്കല്ലിൽ പ്രതിമാസ സാംപ്ലിങ് നടത്തി ജലത്തിന്റെ ഗുണനില വാരം– രാസ ജൈവ ഘടകങ്ങൾ കണ്ടെത്തു കയും ശുപാർശകൾ നൽകുകയും ചെയ്യും.
- സ്കൂളുകളും കൊളനികളും കേന്ദ്രീകരിച്ച് ജല പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കേ ണ്ടതുണ്ട്.

## ബോധവൽക്കരണ ക്യാമ്പയിനുകൾ

- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, അംഗനവാടി വർക്കർമാർ, ആശാവർക്കർമാർ, നെഹ്റു യുവകേന്ദ്ര വോളണ്ടീയർമാർ, യൂത്ത് ക്ലബ് അംഗങ്ങൾ എന്നിവർ കേന്ദ്രികരിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ.
- ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ വീട്ടുകൾ സന്ദർശിച്ച മാലിന്യം വേർതിരിക്കൽ സംബന്ധിച്ച ലഘുലേഘകൾ കൈമാറൽ.
- ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ എക്സിബിഷൻ.
- ഹരിതകർമസേന
- അധ്യാപകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്യോഗസ്ഥർക്കും ഓറിയന്റഷൻ ക്ലാസ്സുകൾ.
- തിരഞ്ഞെടുക്കപെട്ട വിദ്യാർത്ഥി പ്രതിനിധി കൾക്കുള്ള പരിശീലനം.
- സ്വാപ്പ് ഷോപ് സംഘടിപ്പിക്കുക. പുനരുപയോഗ സാധ്യമായ വസ്തുക്കൾ ശേഖരിച്ച ആവശ്യക്കാർക്ക് കൈമാറുക.
- ഗ്രീൻ പ്രോട്ടോകോൾ മാതൃകാ പ്രവർത്തനം നടത്തിയ സ്ഥാപനങ്ങളേയും വ്യക്തികളേയും ആദരിക്കൽ.
- വിവിധ പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ.
- വ്യാപാരികൾക്ക് പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ചുള്ള ബോധവൽക്കരണം.
- NSS വോളണ്ടീയർമാരുടെ നേതൃത്വത്തിൽ ഭാരതപുഴ തീരങ്ങൾ, പൊതു സ്ഥലങ്ങൾ, എന്നിവ വൃത്തിയാക്കൽ.
- നോട്ടീസ് വിതരണം, ചുമരെഴുത്ത്

മേൽ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്ക് എസ്.ബി.എം (ഗ്രാമീൺ), തനത് ഫണ്ട്, സി. എസ്. ആർ ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ യിൽ നിന്നും കണ്ടെത്താവുന്നതാണ്.

| ഗ്രാമ പഞ്ചായത്ത് | അംഗങ്ങളുടെ എണ്ണം | കവറേജ് | | യൂസെർഫീ | | ശരാശരി വരുമാനം | സ്വന്തം വാഹനം |
|---|---|---|---|---|---|---|---|
| | | വീട്ടുകൾ (%) | സ്ഥാപനം (%) | വീട്ടുകൾ (%) | സ്ഥാപനം (%) | | |
| തൃത്താല | 34 | 70 | 8 | 9.06 | 2.08 | 1000 | പ്രോജക്റ്റ് വച്ചിട്ടുണ്ട് |
| പരുതൂർ | 32 | 37 | 28 | 29.78 | 40.48 | 2709 | ഇല്ല |
| പട്ടിത്തറ | 28 | 95 | 14 | 18.27 | 3.52 | 2000 | പ്രോജക്റ്റ് വച്ചിട്ടുണ്ട് |
| ചാലിശ്ശേരി | 17 | 69 | 53 | 13.87 | 12.58 | 2000 | ഇല്ല |
| കപ്പൂർ | 17 | 78 | 76 | 27.41 | 75.96 | 1000 | പ്രോജക്റ്റ് വച്ചിട്ടുണ്ട് |
| നാഗലശ്ശേരി | 22 | 80 | 75 | 46.06 | 30.24 | 4000 | ഇല്ല |
| തിരുമിറ്റക്കോട് | 36 | 58 | 96 | 57.94 | 48.08 | 1000 | ഇല്ല |
| ആനക്കര | 40 | 100 | 100 | 5.72 | 4.77 | 2000 | പ്രോജക്റ്റ് വച്ചിട്ടുണ്ട് |

## എം.സി.എഫ്

| ഗ്രാമ പഞ്ചായത്ത് | സ്ഥിതി | CKC കരാർ | വർഡുകളുടെ എണ്ണം | മിനി MCF No. |
|---|---|---|---|---|
| തൃത്താല | താത്കാലികം (സ്ഥിരം MCF പണി പൂർത്തികരിച്ചു ) | ഉണ്ട് | 17 | 9 |
| പരുതൂർ | സ്ഥിരം | ഉണ്ട് | 16 | 0 |
| പട്ടിത്തറ | സ്ഥിരം | ഉണ്ട് | 18 | 3 |
| ചാലിശ്ശേരി | സ്ഥിരം | ഉണ്ട് | 15 | 14 |
| കപ്പൂർ | സ്ഥിരം | ഉണ്ട് | 18 | 4 |
| നാഗലശ്ശേരി | സ്ഥിരം | ഉണ്ട് | 17 | 4 |
| തിരുമി റ്റക്കോട് | സ്ഥിരം | ഉണ്ട് | 18 | 18 |
| ആനക്കര | താത്കാലികം | ഉണ്ട് | 16 | 10 |

## ആർ.ആർ.എഫ്

ബ്ലോക്ക് പഞ്ചായത്തിൻറെ ഫണ്ട് 16 ലക്ഷം രൂപ ഉപയോഗിച്ച് കപ്പൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ആർ.ആർ.എഫ്ൻെറ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തികരിച്ചിട്ടുണ്ട്. ഷ്രെഡ്ഡിംഗ് മെഷിൻ നല്ള പ്രോജക്റ്റ് വെച്ചിട്ടുണ്ട്.

## ടേക്ക് എ ബ്രേക്ക്

| ഗ്രാമ പഞ്ചായത്ത് | ടാർജറ്റ് | ആരംഭിക്കാത്തവ | കരാർ വച്ചത് | ആരംഭിച്ചവ | പൂർത്തീകരണ ഘട്ടം | പൂർത്തീകരിച്ചവ |
|---|---|---|---|---|---|---|
| തൃത്താല | 2 | | | | | 2 |
| പരുതൂർ | 2 | 1 | | | | 1 |
| പട്ടിത്തറ | 2 | | 1 | | 1 | |
| ചാലിശ്ശേരി | 2 | | | | 1 | 1 |
| കപ്പൂർ | 2 | 1 | | | 1 | |
| നാഗലശ്ശേരി | 2 | | | | | 2 |
| തിരുമിറ്റക്കോട് | 2 | | | | 1 | 1 |
| ആനക്കര | 2 | | | 2 | | |

## ഉറവിട മാലിന്യ സംസ്കരണം

| ഗ്രാമ പഞ്ചായത്ത് | ബയോ ഗ്യാസ് പ്ലാന്റ് (ഗാർഹികം) | കമ്പോസ്റ്റ് യൂണിറ്റ് (ഗാർഹികം) | മറ്റ് ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ (ഗാർഹികം) |
|---|---|---|---|
| തൃത്താല | 68 | 450 | 0 |
| പരുതൂർ | 0 | 0 | 0 |
| പട്ടിത്തറ | 46 | 18 | 18 |
| ചാലിശ്ശേരി | 33 | 5 | 38 |
| കപ്പൂർ | 105 | 2 | 107 |
| നാഗലശ്ശേരി | 0 | 86 | 86 |
| തിരുമിറ്റക്കോട് | 98 | 300 | 0 |
| ആനക്കര | 0 | 6 | 6400 |

ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

- പുതിയ നഗര ഖരമാലിന്യ സംസ്കരണ നിയമ പ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
- ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിൽ ആകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
- സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
- ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനം ഒട്ടാകെ നടത്തി വരുന്നത്. ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് സാമൂഹ്യമാധ്യമങ്ങൾ വഴിയും ടി വി പരസ്യങ്ങളായും പ്രചരിപ്പിക്കുകയും മാലിന്യ കൂമ്പാരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും പൊതുസ്ഥാപനങ്ങളും, സ്ഥലങ്ങളും വൃത്തിയാക്കുന്നതിനും മറ്റുമായുള്ള പ്രാദേശിക ക്യാമ്പയിനുകൾ, എൻ.എസ് .എസ് യൂണിറ്റുകൾ, യുവജന സംഘടനകൾ സ്കൂൾ–കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും, പുനരുപയോഗം

വർദ്ധിപ്പിച്ച് മാലിന്യം കുറക്കുന്നതിനും, പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും മാലിന്യം തരംതിരിച്ച് പരമാവധി സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിനുൾപ്പടെയുള്ള മനോഭാവം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ പ്രോട്ടോ കോൾ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും, പൊതു ചടങ്ങുകളിലും, വിവിധ ഉത്സവങ്ങളിലും മതപരമായ ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോ കോൾ പാലിച്ച് നടപ്പിലാക്കുന്നതുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. സെക്രട്ടറിയേറ്റ്, വിവിധ സർക്കാർ ഡയറക്ട റേറ്റുകൾ, അനുബന്ധ ഓഫീസുകൾ , കളക്ടറേറ്റുകൾ, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിട ങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക എന്ന സർക്കാർ തീരുമാനം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള പ്രവർത്തന ങ്ങളും ഏകോപിപ്പിച്ചു വരുന്നു. മാലിന്യ സംസ്കരണ വുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെ ടുക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കാനായി ശുചിത്വ മിഷൻ സേവനദാതാക്കളെ എംപാനൽ ചെയ്യു കയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സർക്കാരു കൾക്ക് സഹായം നൽകുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും റിസോഴ്സ് പേഴ്സൺ മാരെ കണ്ടെത്തി പരിശീലിപ്പിച്ച് അവരുടെ സേവനം ലഭ്യമാക്കി വരുന്നു.അജൈവമാലിന്യ ശേഖരണത്തിനും പുനഃചംക്രമണം പ്രോത്സാ ഹിപ്പിക്കുന്നതിനുമായി പാഴ്വസ്തു വ്യാപാരികളെ രജിസ്ട്രേഷൻ നടത്തി അവരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കു ന്നതിന് തുടക്കം കുറിക്കുകയും ചെതിട്ടുണ്ട്. ആശുപത്രികളിൽ എസ്.റ്റി.പി സ്ഥാപിക്കുന്നതിന്, നഗരസഭകളിലെ മത്സ്യച്ചന്തകളിൽ ഇ.റ്റി.പി. സ്ഥാപിക്കുന്നതിന്, ആധുനിക അറവുശാല സ്ഥാപിക്കുന്നതിന്, ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കു ക്കുന്ന പ്രവർത്തനങ്ങളും ചെയ്തു വരുന്നു വീട്ടുവീടാന്തരം ഉണ്ടാകുന്ന അജൈവമാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന, അജൈവമാലിന്യ ശേഖരണത്തിനും പുനരു പയോഗം/പുനഃചംക്രമണത്തിന്

കൈമാറുന്നതിനുമായി സംസ്ഥാനമൊട്ടാകെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (M.C.F) ,അജൈവ മാലിന്യങ്ങളിലൂടെ രണ്ടാം തരംതിരി വിനും ഷ്രെഡിംഗ് ബെയിലിംഗിനുമായി റിസോഴ്സ് റിക്കവറി സെന്റർ(ആർ.ആർ.എഫ്) റിസോഴ്സ് റിക്കവറി സെന്ററിൽ ഉൾപ്പെട്ട ഷ്രഡിംഗ് യൂണി റ്റുകൾക്ക് പുറമെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ എന്നിവ ശുചിത്വ മിഷന്റെ നേതൃ ത്വത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സർക്കാർ ഓഫീസുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്നതുമായ ഇ-വേസ്റ്റ് ശേഖരിച്ച് സംസ്ക രിക്കുന്നതിനായി അംഗീകൃത ഏജൻസിക്ക് കൈ മാറുന്ന പ്രവർത്തനങ്ങളും ചെയ്തു വരുന്നു. 2016 ലെ ഖരമാലിന്യ പരിപാലന നിയമത്തിന്റെ പിൻബലത്തിൽ 5000 ചതുരശ്ര മീറ്ററിലധികം വലിപ്പമുള്ള സ്ഥാപനങ്ങളിലും, ഫ്ളാറ്റുകളിലും, ഹൗസിംഗ് കോളനികളിലും ജൈവമാലിന്യം അവിടെത്തന്നെ സംസ്കരിക്കണമെന്നും അജൈ വമാലിന്യം പുനഃചംക്രമണം നടത്തുന്നതിന് കൈമാറണമെന്നുള്ള വ്യവസ്ഥ നടപ്പിലാക്കു ന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹാ യിച്ചും വരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1,39,851 ഗാർഹികതല ബയോഗ്യാസ് പ്ലാന്റുകൾ ക്കും 275 സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾ ക്കും 31 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ ക്കും 3,14,205 ഗാർഹിക-സ്ഥാപനതല കമ്പോ സ്റ്റിംഗ് പ്ലാന്റുകൾക്കും 1008 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് പ്ലാന്റുകൾക്കും ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകുകയുണ്ടായി. ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ

1. ശുചിത്വം-മാലിന്യ സംസ്കരണമേഖലയിലെ വിവിധങ്ങളായ ആശയങ്ങൾ മുൻനിർത്തി മാലിന്യം തരംതിരിക്കൽ, ജൈവമാലിന്യം കഴിയു ന്നിടത്തോളം ഉറവിടത്തിൽ തന്നെ സംസ്ക രിക്കൽ, അജൈവമാലിന്യങ്ങൾ വീട്ടുവീടാന്തരം ശേഖരിക്കൽ, മാലിന്യത്തിന്റെ ഉത്പാദനം കുറ യ്ക്കുക, പുനരുപയോഗവും പുനഃചംക്രമണവും വർദ്ധി പ്പിക്കുക എന്ന 3R തത്വം പാലിച്ചുകൊണ്ട് വിവര-വിജ്ഞാന-വിനിമയ പ്രവർത്തനങ്ങൾ സംഘടി

പ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെ സഹായിക്കുക.

2.സംസ്ഥാനതലം മുതൽ തദ്ദേശസ്വയം ഭരണ തലം വരെയുള്ള സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കൽ.

3. സംസ്ഥാന തലത്തിൽ 254 ഓഫീസുകളിലും പ്രാദേശിക തലത്തിലുള്ള ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ആരംഭിക്കൽ.

4. ഗാർഹികതലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുക.

5. സംസ്ഥാന എംപവേർഡ് കമ്മിറ്റി ഖരമാലിന്യ സംസ്കരണത്തിനുവേണ്ടി അനുമതി നൽകിയ 74 ഡി.പി.ആറുകളെ ആധാരമാക്കിയുള്ള ഖര മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവഹണം. (ബഹു. ഹൈക്കോടതി തീരുമാനത്തിന് വിധേ യമായി).

6. ഖരമാലിന്യ സംസ്കരണത്തിനായി ഒരു സമഗ്ര സംസ്ഥാന നയം രൂപീകരിക്കൽ (കരട് തയ്യാറായി).

7. കോർപറേഷൻ, മുനിസിപ്പാലിറ്റികളിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സെവൻ സ്റ്റാർ ഗ്രേഡിംഗ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാലിന്യ സംസ്കരണ സംവി ധാനങ്ങൾ പ്രായോഗികമാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

10. ബ്ലോക്കുകളിലും 87 നഗരസഭകളിലും ഒന്ന് വീതവും 6 കോർപറേഷനുകളിൽ 4 വീതവും എന്ന രീതിയിൽ 172 ആർ.ആർ.എഫുകൾ.

11.ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയ വലിയ മാലിന്യ ഉത്പാദകർ എന്നിവർക്കായി ശുചിത്വം, വൃത്തി എന്നിവയെ അടിസ്ഥാനമാക്കി സ്റ്റാർ റേറ്റിംഗ്.

12. ഒരു ജില്ലയിൽ കുറഞ്ഞത് ഒന്ന് എന്ന കണക്കിൽ പ്രധാന സർക്കാർ ആശുപത്രികളിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ.

13. 7 മുനിസിപ്പാലിറ്റികളിലെ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ടാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പൂർത്തീകരിക്കൽ.

14. കിഫ്ബിയുടെ സഹായത്തോടെ 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക പൊതുശ്മശാനം സ്ഥാപിക്കൽ.